## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2274 23/01/2014- ൽ മറുപടിക്ക്

## മാവേലിക്കരയിൽ അപകടാവസ്ഥയിലുള്ള ട്രാൻസ്ഫോർമർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര പുന്നമൂട് ക്ഷേത്രം ജംഗ്ഷനിലെ ട്രാൻസ്ഫോർമർ അപകടകരമായ അവസ്ഥയിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) അപകടാവസ്ഥയിലല്ല. ഈ ട്രാൻസ്ഫോർമറിനടുത്തുള്ള 'എ' പോൾ നേരത്തേ വണ്ടിയിടിച്ച് ചെറുതായി വളഞ്ഞിട്ടുണ്ട്. വണ്ടിയുടെ ഉടമസ്ഥൻ പണം അടച്ചിട്ടുണ്ട്. ടി പോസ്റ്റ് ഉടൻ തന്നെ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ആർ.എ.പി.ഡി.ആർ.പി. പ്രകാരം മാവേലിക്കര മണ്ഡലത്തിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) നിലവിലുള്ള ആർ.എ.പി.ഡി.ആർ.പി പദ്ധതിയിൽ 2001 സെൻസസ് പ്രകാരം 30000-നു മുകളിൽ ജനസംഖ്യയുള്ള ടൗണുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മാവേലിക്കര മണ്ഡലത്തിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവർത്തി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിക്കുന്ന മുറയ്ക്ക് ടി പ്രവർത്തികൾ ഉൾപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, കരയംവട്ടം ഭാഗങ്ങളിലെ വൈദ്യുതിമുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തഴക്കര മുണ്ടുപാലം ഡബിൾ ഫീഡർ നിർമ്മിച്ച് വൈദ്യുതി മുടക്കം പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ